**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1104** **11.02.2016 ൽ മറുപടിയ്ക്ക്**

## അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.പി.എ.മാധവൻ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന നമ്മുടെ രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുക, ഔപചാരിക വിദ്യാഭ്യാസത്തിലൂടെ പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാത്തവർക്കും സ്കൂളിൽ നിന്നും കൊഴിഞ്ഞുപോയവർക്കും അടിസ്ഥാന സാക്ഷരത നേടിയ നവസാക്ഷരർക്കും നാലാം തരത്തിന് തുല്യമായ പ്രാഥമിക വിദ്യാഭ്യാസം നൽകുക, തുല്യതാ വിദ്യാഭ്യാസത്തിലൂടെ സമഗ്ര വികസനം സാധ്യമാക്കുക, ജനങ്ങളുടെ തൊഴിലും ജീവിത ഗുണനിലവാരവും മെച്ചപ്പെടുത്തുക, സാമൂഹിക സാംസ്കാരിക സാമ്പത്തിക മേഖലകളിൽ പുത്തൻ ഉണർവുണ്ടാകുക, തുടർ പഠനത്തിലൂടെ സ്ത്രീ ശാക്തീകരണത്തിന് ആക്കം കൂട്ടുക, ജീവിതത്തിന്റെ വിവിധ മേഖലകളിൽ പുത്തൻ അവബോധം സൃഷ്ടിക്കുക എന്നിവയാണ് അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെ പൂർണ്ണ സഹകരണത്തോടെയും പങ്കാളിത്തത്തോടെയും വിവിധ സർക്കാർ, സർക്കാർ ഇതര സ്ഥാപന ങ്ങളുടെയും സഹകരണത്തോടെയും |

ജനകീയ കൂട്ടായ്മ രൂപീകരിച്ച് പഠിതാക്കളെ കണ്ടെത്തി പാഠപുസ്തക വിതരണം, പരിശീലനത്തിനുള്ള ഇൻസ്ട്രക്ടർമാരെ കണ്ടെത്തി അവർക്ക് റിസോഴ്സ് പേഴ്സൺമാരുടെ സഹകരണത്തോടെയുള്ള പരിശീലനം, പഠിതാക്കൾക്ക് വേണ്ട കണ്ണട, മറ്റ് പഠനോപകരണ വിതരണം, ലഘു ഭക്ഷണ വിതരണം എന്നിവ ആറ് മാസം നീണ്ട് നിന്ന പഠന കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് ബഹു.മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, എം.പിമാർ, എം.എൽ.എമാർ. മറ്റ് ജനപ്രതിനിധികൾ, രാഷ്ട്രീയ സാമൂഹ്യ-സാംസ്കാരിക സന്നദ്ധപ്രവർത്തകർ തുടങ്ങി സ്കൂൾ വിദ്യാർത്ഥികൾ വരെയുള്ളവരുടെ സഹകരണവും സാന്നിദ്ധ്യവും ഉണ്ടായിട്ടുണ്ട്. പദ്ധതിയുടെ ബ്രാൻഡ് അംബാസിഡറായി പ്രശസ്ത ചലച്ചിത്ര താരം ശ്രീ.ദിലീപിന്റെ സഹകരണവും ലഭിക്കുകയുണ്ടായി. 2015 ജൂൺ 7-ാം തീയതി കേരളത്തിലെ 2,05,913 പേർ അതുല്യം അക്ഷരോത്സവം എന്ന പേരിൽ ഒരേ സമയം പരീക്ഷ എഴുതുകയും അതിൽ 2,02,862 പേർ വിജയിക്കുകയും ചെയ്തു. 2015 ജൂൺ 19 ന് മുഴുവൻ പഞ്ചായത്തുകളിലും അതുല്യം പ്രഖ്യാപനം നടത്തുകയുണ്ടായി. സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ഇൻഡ്യയിലെ ആദ്യ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുന്ന ചടങ്ങ് ബഹുമാന്യ ഇൻഡ്യൻ ഉപ രാഷ്ട്രപതി ശ്രീ.ഹമീദ് അൻസാരി 2016 ജനുവരി 13-ാം തീയതി തിരുവനന്തപുരത്തെ കേരള സർവ്വകലാശാല സെനറ്റ് ഹാളിൽ വെച്ച് നിർവഹിക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ